# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5241 — 05.07.2012 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവോ; ഇതിന്റെ സാധ്യതകളെ കുറിച്ച് പഠിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിലവിൽ സംസ്ഥാന സഹകരണ ബാങ്കും, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ജില്ലാ സഹകരണ ബാങ്കുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം, ആധുനിക് ബാങ്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. |
| (ബി) കൊമേഴ്ഷ്യൽ ബാങ്കുകളെ അപേക്ഷിച്ച് സഹകരണ ബാങ്കുകൾ അഭിമുഖീകരിക്കുന്ന പോരായ്മകൾ എന്തെല്ലാമാണ്; | (ബി) സഹകരണ ബാങ്കുകൾക്ക് നിയതമായ ഒരു പ്രവർത്തന പരിധി ഉണ്ട്. ഈ പരിധിക്കകത്ത് പ്രവർത്തനം നിജപ്പെടുത്തി വരുന്നതാണ് പ്രധാന പോരായ്മ. കൊമേഴ്ഷ്യൽ ബാങ്കുകളിൽ നൽകി വരുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകളിൽ ഇപ്പോൾ ലഭ്യമാക്കാൻ സാധിക്കുന്നില്ല. പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്. |

ഇൻഷ്വറൻസ്, എൻ.ആർ.ഐ. നിക്ഷേപം മുതലായ സേവനങ്ങളുടെ അഭാവമാണ് സഹകരണ ബാങ്കുകളിൽ നിലവിൽ ഉള്ളത്.

(സി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം ആധുനിക വത്കരിക്കുകയും അതുവഴി എൻ.ആർ.ഐ. അടക്കമുള്ള നിക്ഷേപങ്ങൾ ആകർഷിക്കാൻ ഉതകുന്ന കർമ്മ പരിപാടികൾ ആവിഷ്കരിക്കുമോ?

(സി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം ആധുനിക വത്കരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. സഹകരണ ബാങ്കുകൾക്ക് എൻ.ആർ.ഐ നിക്ഷേപം ആരംഭിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി ആവശ്യമാണ്.

സെക്ഷൻ ഓഫീസർ